സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ച നിരക്കിൽ ക്ഷാമബത്ത വർദ്ധനവ് (2 %) തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 11900/11/Est-I** നന്തൻകോട്, **22/5/2017**

---

പരാമർശം :- (1) G.O.(P) No. 55/2017/Fin, dated 20-04-2017.
(2) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 08-5-2017 ലെ D.A.13/17/Est-1 നമ്പർ അഭിപ്രായം.

## ഉത്തരവ്

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത നിരക്ക് 01-01-2017 മുതൽ പരിഷ്ക്കരിച്ചുകൊണ്ട് ഉത്തരവായി (പരാമർശം - 1). തുടർന്ന് സർക്കാരിലെ ക്രമം തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്കും ക്ഷാമബത്ത അനുവദിക്കുന്നത് സംബന്ധിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായം ലഭിച്ചു (പരാമർശം- 2).

ഇക്കാര്യം ബോർഡ് പരിശോധിച്ച് ചർച്ച ചെയ്ത് തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ക്ഷാമബത്താ നിരക്ക് ചുവടെ വിവരിക്കും പ്രകാരം പരിഷ്ക്കരിച്ച് ഉത്തരവാകുന്നു.

1. എല്ലാ വിഭാഗം എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാർക്കും ഗവൺമെന്റ് ഉത്തരവിലെ ക്രമം പുതുക്കിയ നിരക്കിലുള്ള (14 %) ക്ഷാമബത്തയ്ക്ക് 01-01-2017 മുതൽ അർഹത ഉണ്ടായിരിക്കുന്നതാണ്.
2. കാരാണ്മ ജീവനക്കാർ ഉൾപ്പെടെ എല്ലാ വിഭാഗം ക്ഷേത്ര ജീവനക്കാർക്കും 01-01-2017 മുതൽ 14 % (2 % വർദ്ധനവ്) ക്ഷാമബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.
3. പ്രോവിഡന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരുടേയും, പ്രോവിഡന്റ് ഫണ്ടിൽ ഉൾപ്പെടുത്തേണ്ട ജീവനക്കാരുടേയും പരിഷ്ക്കരിച്ച ക്ഷാമബത്ത (2 % വർദ്ധനവ്) 31-3-2017 വരെയുള്ളത് പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കേണ്ടതും 2017 ഏപ്രിൽ മാസം മുതലുള്ളത് ശമ്പളത്തോടൊപ്പം പണമായി നൽകേണ്ടതുമാണ്.
4. കാരാണ്മ ജീവനക്കാർ, പ്രോവിഡന്റ് ഫണ്ടിൽ അംഗത്വമില്ലാത്ത പാർട്ട് ടൈം ജീവനക്കാർ എന്നീ വിഭാഗങ്ങളിലുള്ളവർക്ക് 01-01-2017 മുതലുള്ള ക്ഷാമബത്ത രൊക്കം പണമായി നൽകേണ്ടതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

സെക്രട്ടറി

പകർപ്പ് :-

എല്ലാ ആഫീസ് മേധാവികൾക്കും അയച്ചിരിക്കുന്നു. EDP Section

SK